A

# സമഗ്ര ശിക്ഷാ കേരളം

702

## ആത്യന്തിക വിലയിരുത്തൽ I 2025-2026

## കേരള പാഠാവലി

ക്ലാസ്: 7

സമയം: 2 മണിക്കൂർ 15 മിനിറ്റ്

### നിർദേശങ്ങൾ

1. മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് പതിനഞ്ചു മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കണം
2. ആറു ചോദ്യങ്ങൾക്ക് ഉത്തരമെഴുതിയാൽ മതി. എല്ലാ ഉപചോദ്യങ്ങൾക്കും ഉത്തരം എഴുതണം.
3. രണ്ടു പ്രവർത്തനങ്ങൾ നൽകിയിട്ടുള്ള ചോദ്യങ്ങളിൽ ഒന്നിനു മാത്രം ഉത്തരമെഴുതിയാൽ മതി.

### (1) വായിക്കാം, എഴുതാം

പാതയെ വിലങ്ങി വലിയൊരു വൃക്ഷം വീണു കിടക്കുന്നു. അത്യധികം ഈർപ്പമുള്ള അതിന്റെ വേരുകളിൽ നിന്നും തായ്ത്തടിയിൽ നിന്നും ജലം കിനിഞ്ഞു കൊണ്ടിരിക്കുന്നു. തടിയിലാകെ ചെറിയ ദളങ്ങളോടുകൂടിയ പൂക്കൾ. അതൊരു പടർന്നുകയറുന്ന ചെടിയായിരുന്നു. ആ വൃക്ഷത്തെ ഒന്നാകെ 'പൊതിഞ്ഞുനിന്നിരുന്നു ചോലക്കാടുകളിൽ അധികവും മൃദുലമായ ആവരണങ്ങളോടു കൂടിയ വൃക്ഷങ്ങളായിരിക്കും. ഏതാണ്ട് സ്പോഞ്ചു പോലെ തോന്നിക്കുന്നവ. പൂപ്പലുകളും ചില കുമിളുകളുമൊക്കെ അവയിൽ കാണാം. താപനില കുറവായ ചോലക്കാടുകളിൽ എവിടെ നോക്കിയാലും നീരൊഴുക്കുകൾ കാണാം. കാടിനകത്തളം മുഴുവൻ പൊഴിഞ്ഞു വീണ ഇലകളാൽ, ഈർപ്പമാർന്ന ജലമെത്തകൾ പോലെ കാണാം. ആ ഇലകളൊന്നു മറിച്ചിട്ടു നോക്കിയാൽ അനേകം സൂക്ഷ്മജീവികൾ! വൃക്ഷങ്ങളിൽ ഒട്ടിപ്പിടിച്ചിരിക്കുന്ന പായൽ സൂക്ഷ്മതയോടെ അടർത്തി മാറ്റിയാലാകട്ടെ, അതിനടിയിലും ചെറു ജീവനുകളെ കാണാം. കുറഞ്ഞ ജല ലഭ്യതയുള്ള ഇടങ്ങളിൽ ഇത്തരം കാഴ്ചകളൊന്നും അധികം കാണുവാനാകില്ല. അവിടം നേരിട്ട് സൂര്യപ്രകാശം വീഴുകയാണെങ്കിൽ മണ്ണ് വല്ലാതെ വരണ്ടുപോകും. എങ്കിലും, ചോലക്കാട് വേഗതയോടെ അവിടം പുതുനാമ്പുകൾ മുളപ്പിച്ച് ഭൂമിയുടെ ഈർപ്പം നിലനിർത്താൻ ശ്രമിച്ചുകൊണ്ടേയിരിക്കും. വർഷകാലമാവുമ്പോൾ തൈകൾ വേഗതയോടെ വളർന്നുവന്ന് കാടിന്റെ തുറന്ന മേലാപ്പ് അടച്ചു കളയുവാൻ ശ്രമിക്കും. അപ്പോൾ സൂര്യപ്രകാശത്തിന് കാടിന്റെ തറയിലേയ്ക്ക് നേരിട്ട് പതിക്കുവാനാകാതെ വരും. കാട് അതിന്റെ സ്വാഭാവികാവസ്ഥയിലേക്ക് തിരികെ എത്തുകയായി.

a) 'മൃദുലമായ ആവരണങ്ങളോടുകൂടിയ വൃക്ഷങ്ങൾ' എന്ന പ്രസ്താവനയ്ക്ക് യോജിച്ചത് കണ്ടെത്തുക.

A. ചോലക്കാടുകളിൽ കാണാൻ കഴിയും

B. കാടുകളിൽ കാണാൻ കഴിയും

C. കാടിന്റെ പരിസരങ്ങളിൽ കാണാൻ കഴിയും

D. നാട്ടുവഴികളിൽ കാണാൻ കഴിയും

b) തന്നിരിക്കുന്ന ഗദ്യഭാഗത്തിന്റെ ആശയത്തോട് കൂടുതൽ യോജിച്ചു നിൽക്കുന്നത് ഏത്?

A. വിവിധതരം മരങ്ങളും അവയുടെ പ്രത്യേകതകളും

B. മരങ്ങളും ചെറുജീവികളും ചേർന്ന കാടിന്റെ സ്വാഭാവിക പരിസ്ഥിതി

C. മരത്തടികളുടെ പ്രായം, ബലം, വലുപ്പം എന്നിവയെക്കുറിച്ചുള്ള കാര്യങ്ങൾ

D. മരങ്ങളിൽ ജീവിക്കുന്ന സൂക്ഷ്മജീവികളും അവയുടെ ആഹാരവും

c) ഭൂമിയുടെ ഈർപ്പം നിലനിർത്താൻ പ്രകൃതി നിരന്തരം ശ്രമിക്കുന്നത് എങ്ങനെയാണ്?

A. ധാരാളം മഴപെയ്യിച്ച്

B. പുതുനാമ്പുകൾ മുളപ്പിച്ച്

C. ജലം ഒഴുകി പോകുന്നതിനെ തടഞ്ഞ്

D. ഇലകൾ കൊണ്ട് പുതപ്പുണ്ടാക്കി

d) കാടിന്റെ ജൈവ പ്രകൃതിയുമായി ബന്ധപ്പെടാത്ത ഗണം ഏത്?

A. സൂര്യപ്രകാശം, വൃക്ഷങ്ങൾ, പായൽ, തളിര്

B. സൂര്യപ്രകാശം, സ്പോഞ്ച്, പായൽ, തളിര്

C. സൂര്യപ്രകാശം, വൃക്ഷങ്ങൾ, പൂപ്പൽ, തളിര്

D. സൂര്യപ്രകാശം, നീരൊഴുക്ക്, വൃക്ഷങ്ങൾ, തളിര്

## (2)

**a) ശീർഷകത്തിന്റെ ഔചിത്യം**

*"എനിക്കിവിടെ സുഖം തന്നെ. നല്ല ഭക്ഷണം, കുളി, മഴയും വെയിലും കൊള്ളാതെ ഉറക്കം. ഇടയ്ക്കൊരു കുര! വാലാട്ടൽ. കഴുത്തിൽ ബെൽറ്റും കനത്ത ചങ്ങലയും ഉണ്ടേന്നേയ്... എനിക്കിവിടെ സുഖം തന്നെ".*

**നൽകിയിരിക്കുന്ന ഗദ്യഭാഗം വായിച്ച് ശീർഷകം നൽകി ഔചിത്യം വിശദീകരിക്കുക.**

b) കുട്ടി : "അച്ചാ, നച്ചത്രങ്ങൾ. നച്ചത്രം പറക്കുന്നു. ഹായ്, എന്തു രസം!"
സംഭാഷണത്തിൽ നക്ഷത്രവുമായി ബന്ധപ്പെട്ടത് ഏത്?

A. ചന്ദ്രനും നിലാവും

B. മിന്നാമിനുങ്ങും തിളക്കവും

C. പ്രാണിയും ചിറകുകളും

D. രാത്രിയും ആകാശവും

c) പ്രസ്താവന ശരിയോ തെറ്റോ?

കോമൺ ക്രോയുടെയും പ്ലെയിൻ ടൈഗറിന്റെയും ചിറകു പൂട്ടിയാൽ ഇലകൾ ഉണങ്ങിയ നിറമായി തോന്നും

A. പൂർണ്ണമായും ശരി

B. പൂർണ്ണമായും തെറ്റ്

C. ഭാഗികമായി ശരി

D. ഇലകൾക്ക് പച്ച നിറം

**ചുവടെ കൊടുത്ത (3A), (3B) എന്നീ രണ്ടു ചോദ്യങ്ങളിൽ ഏതെങ്കിലും ഒന്നിനു മാത്രം ഉത്തരമെഴുതുക.**

## (3A) വിശകലനക്കുറിപ്പ്

**പന്തു കാസ്റ്റും കുന്ന്**

കുന്നിടിച്ചു നിരത്തുന്ന യന്ത്രമേ
മണ്ണുമാന്തിയെടുക്കുന്ന കൈകളിൽ
പന്തുപോലൊന്നു കിട്ടിയാൽ നിർത്തണേ,
ഒന്നു കൂക്കി വിളിച്ചറിയിക്കണേ..
പണ്ട് ഞങ്ങൾ കുഴിച്ചിട്ടതാണെടോ
പന്തുകാസ്റ്റും മരമായ് വളർത്തുവാൻ.

മോഹനകൃഷ്ണൻ കാലടി

**വരികൾ വിശകലനം ചെയ്തു കുറിപ്പ് തയ്യാറാക്കുക.**

**അല്ലെങ്കിൽ**

## (3B) താരതമ്യക്കുറിപ്പ്

പുളകം പോൽ കുന്നിൻ പുറത്തു വീണ
പുതുമൂടൽ മഞ്ഞല പുൽകി നീക്കി
പുലരൊളി മാമല ശ്രേണികൾ തൻ
പുറകിലായ് വന്നുനിന്നെത്തിനോക്കി          ശ്രേണി - നിര

രമണൻ - ചങ്ങമ്പുഴ

'ദിനാന്തസഞ്ചാരം' എന്ന കവിതയിലെ പ്രകൃതിഭംഗി നമ്മൾ ആസ്വദിച്ചു.

രമണിനിലെ വരികളും 'ദിനാന്തസഞ്ചാരം' എന്ന കവിതയിലെ ആശയവും താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക

**ചുവടെ കൊടുത്ത (4A), (4B) എന്നീ രണ്ടു ചോദ്യങ്ങളിൽ ഏതെങ്കിലും ഒന്നിനു മാത്രം ഉത്തരമെഴുതുക.**

## (4A) ആസ്വാദനക്കുറിപ്പ്

**മഴ മറന്നത്**

മയിലുകൾ പറഞ്ഞിരുന്നു
അവർ നൃത്തം ചെയ്യാൻ
ആഗ്രഹിക്കുമ്പോൾ
മഴ പറന്നെത്തുമെന്ന്...
തവളകളും പറഞ്ഞു
അവരുടെ കരച്ചിൽ കേട്ടാൽ
മഴ ഓടിയെത്തുമെന്ന്
പക്ഷേ,

കാറ്റ് പറഞ്ഞാണറിയുന്നത്
മഴസ്സിപ്പോൾ
ഇവരുടെയൊന്നും ഭാഷ
മനസ്സിലാകാറേയില്ലെന്ന്

ഇ.എൻ. ഷീജ

പ്രകൃതിയും ജീവജാലങ്ങളും തമ്മിൽ അഭേദ്യമായ ബന്ധമാണ് നിലനിൽക്കുന്നതെന്ന സന്ദേശമാണല്ലോ "ഇളം കാറ്റ് തെല്ലൊന്നു തൊട്ടെന്നു വന്നാൽ "എന്ന യൂണിറ്റിൽ ഉള്ളത്. കവിത വായിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.

**അല്ലെങ്കിൽ**

## (4B) വർണ്ണന


നോക്കെത്താ ദൂരത്തോളം പൂക്കളുടെ മല.
വസന്തത്തിന്റെ ഉത്സവമാണ് മൂന്നാറിലെ കുറിഞ്ഞിപ്പൂക്കൾ.

മൂന്നാറിലെ കുന്നുകളെയും കുറിഞ്ഞിപ്പൂക്കളെയും നിങ്ങൾ പരിചയപ്പെട്ടു. കണ്ടും കേട്ടും വായിച്ചും ആസ്വദിച്ച ഒരു **പ്രകൃതിദൃശ്യത്തെ വർണ്ണിച്ചെഴുതുക.**

## (5) കഥാപാത്രനിരൂപണം

പിക്‌ലുവിനെയും ചേട്ടനായ ടോട്ടനെയും ഓർമ്മയില്ലേ? ടോട്ടൻ കഥാവസാനം പക്ഷിയുടെ സ്വാതന്ത്ര്യത്തെ അംഗീകരിക്കുന്നു. ടോട്ടന്റെ രൂപം, വേഷം, പ്രായം, സ്വഭാവം, കിളികളോടുള്ള ഇടപെടൽ തുടങ്ങിയവ ഉൾപ്പെടുത്തി **കഥാപാത്രനിരൂപണം** തയ്യാറാക്കുക.

## (6) പത്രവാർത്ത




വിദ്യാലയത്തിൽ നടന്ന ബഷീർ ദിനാചരണത്തിന്റെ ഭാഗമായി തയ്യാറാക്കിയ ബാനറാണ് നൽകിയിരിക്കുന്നത്. ബാനറിനെ ആസ്പദമാക്കി ദിനാചരണത്തിനു ശേഷമുള്ള **പത്രവാർത്ത തയ്യാറാക്കുക.**